# പെരിന്തൽമണ്ണ നഗരസഭ



## സവിശേഷതകൾ

- സമഗ്ര മാലിന്യ പരിപാലത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി കാമ്പയിൻ
- വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാനുള്ള സമ്മാനപദ്ധതി
- ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാൻ വേണ്ട സംവിധാനങ്ങൾ നഗരസഭയുടെ നേതൃത്വത്തിൽ
- മാലിന്യം സ്ഥിരമായി വലിച്ചെറിയുന്ന സ്ഥലം കണ്ടെത്തി വൃത്തിയാക്കി പൂന്തോട്ടം നിർമ്മിക്കൽ
- ഓരോ ആഴ്ചയിലും ബ്ലാക്ക്സ്പോട്ടുകൾ പിടിച്ചെടുത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ
- നഗരസഭയുടെ നേതൃത്വത്തിൽ കല്യാണ വീടുകളിലും മറ്റും പൊതുചടങ്ങുകളിലും നേരിട്ടെത്തി ജൈവ അജൈവമാലിന്യങ്ങളുടെ ശേഖരണം
- കോഴി, മത്സ്യം കച്ചവടക്കാർക്ക് നഗരസഭ ആധുനിക സംസ്കരണ സംവിധാനം

## ജൈവമാലിന്യ സംസ്കരണം

- ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിച്ച് വളമാക്കി മാറ്റുന്നതിന് ആവശ്യമായ എല്ലാ വീടുകൾക്കും ബയോ കമ്പോസ്റ്റ് ബിൻ.
- കോഴി, മത്സ്യം കച്ചവടക്കാർക്ക് നഗരസഭ ആധുനിക സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു.
- മാർക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം നഗരസഭയുടെ ആധുനിക സംസ്കരണ യൂണിറ്റിലെത്തിച്ച് ജൈവം, അജൈവം, എന്നിങ്ങനെ വേർതിരിക്കുന്നു.
- പച്ചക്കറി, കോഴി, മത്സ്യം എന്നീ ജൈവ മാലിന്യങ്ങൾ നിർജലീകരണ സംവിധാനം ഉപയോഗിച്ച് വേഗത്തിൽ സംസ്കരിച്ചെടുക്കുന്നു.
- നഗരസഭയുടെ നേതൃത്വത്തിൽ കല്ല്യാണ വീടുകളിലും മറ്റു പൊതുപരിപാടികളിലും നേരിട്ടെത്തി ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു.
- ബയോബിന്നുകൾ ഉപയോഗിക്കുന്നവരുടെ സംഗമവും ചർച്ചയും പരിശീലന പരിപാടികളും നഗരസഭ സംഘടിപ്പിക്കുന്നു.
- നിലവിൽ നഗരപരിധിയിലെ 5400 വീടുകളിൽ നിന്നും 100 ൽ അധികം ഫ്ളാറ്റുകളിൽ നിന്നും 1380 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുന്നു.

# അജൈവ മാലിന്യ സംസ്കരണം

- നഗരസഭയിലെ വീടുകളിലെ പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, കുപ്പി മുതലായവ വേർതിരിച്ച് ശേഖരിക്കുന്നതിന് 3 വ്യത്യസ്ത നിറങ്ങളിലുള്ള സഞ്ചികൾ വീടുകൾക്ക് നൽകി.
- വീടുകൾക്കും, സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പിന്തുണ നൽകുന്നതിന് ഗ്രീൻ ടെക്നീഷ്യൻ, സൂപ്പർവൈസർമാരേയും തെരഞ്ഞെടുത്ത് പരിശീലനവും നൽകി.
- വീടുകൾക്ക് നറുക്കെടുപ്പിലൂടെ ആകർഷകമായ സമ്മാനങ്ങൾ ഓരോ 3 മാസം കൂടുമ്പോഴും നൽകുന്നു. ഇതിലൂടെ കുടുതൽ പേരെ പദ്ധതിയിലേക്ക് ആകർഷിക്കാൻ കഴിയുന്നു.
- ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ നഗരസഭയുടെ പ്ലാന്റിൽ എത്തിച്ച് തരംതിരിക്കുന്നു.
- ഗ്രേഡ് കുറഞ്ഞ ക്യാരി ബാഗുകൾ പൊടിച്ച് ക്ലീൻ കേരള കമ്പനിക്കു നൽകുന്നു. 2016-17 വർഷത്തിൽ ഷ്രെഡ്ഡ് പ്ലാസ്റ്റിക് വിൽപനയിൽ നിന്നും നഗരസഭയ്ക്ക് 45000/- രൂപ വരുമാനം ലഭിച്ചു.
- പ്ലാസ്റ്റിക് തരംതിരിച്ച് ബൈലിംഗ് നടത്തി പുന:ചംക്രമണത്തിനായി അയയ്ക്കുന്നു.
- നാപ്കിൻ പാഡുകൾ, ഡയപ്പറുകൾ എന്നിവ ശേഖരിക്കുവാൻ ബയോമെഡിക്കൽ കിയോസ്ക് സ്ഥാപിച്ചു. ഇമേജുമായി സഹകരിച്ച് ഇവ സംസ്കരണത്തിന് അയയ്ക്കുന്നു.



നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ വീടുകളിൽ അജൈവമാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കാനുള്ള സഞ്ചികളുടെ വിതരണം



നഗരസഭയുടെ ആർ.ആർ.എഫ് ലെ ഷ്രെഡിംഗ് യൂണിറ്റ്

## മറ്റു പ്രവർത്തനങ്ങൾ

- നഗരസഭ പരിധിയിൽ വരുന്ന 15000 ത്തോളം വീടുകളേയും 3500 ഓളം വാണിജ്യ സ്ഥാപനങ്ങളേയും പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനത്തിന് കീഴിലാക്കി.
- കല്ല്യാണാവശ്യങ്ങളും സ്വകാര്യ പരിപാടികൾക്കും ഫൈബർ പ്ലേറ്റുകളും സ്റ്റീൽ ഗ്ലാസുകളും നഗരസഭയുടെ നേതൃത്വത്തിൽ കുറഞ്ഞ വാടകയ്ക്ക് ആവശ്യാനുസരണം എത്തിച്ചു കൊടുക്കുന്നു..
- മാലിന്യം സ്ഥിരമായി വലിച്ചെറിയുന്ന സ്ഥലങ്ങൾ കണ്ടെത്തി വൃത്തിയാക്കി അവിടെ പൂന്തോട്ടം വച്ചുപിടിപ്പിക്കുന്നു. ഓരോ ആഴ്ച യിലും ബ്ലാക്ക് സ്പോട്ടുകൾ പിടിച്ചെടുത്ത് നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നു.
- മാലിന്യം അലക്ഷ്യ മായി നിക്ഷേപിക്കുന്നവരിൽ നിന്നും നഗരസഭ പിഴ ഈടാക്കുന്നു.
- 2017 ൽ 225 കേസുകളിലായി 3 ലക്ഷം രൂപ പിഴ ഈടാക്കി.
- പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് 100 കേസുകളിലായി 2 ലക്ഷത്തി ലധികം പിഴയും ഈടാക്കി.



നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ ബ്ലാക്ക് സ്പോട്ടുകളിൽ ചെടികൾ നട്ടുപിടിപ്പിക്കുന്നു

Prepared by Premjith P, IEC Expert